"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി ഉയർത്തി ഉത്തരവു പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.3667/2022/RD തീയതി,തിരുവനന്തപുരം, 30-08-2022

പരാമർശം:- 1.19.01.2017ലെ സ.ഉ ( കൈ ) നം. 23/17/റവ

2. 22.04.2017- ലെ സ.ഉ ( കൈ ) നം. 128/17/റവ

3.കാസർഗോഡ് ജില്ലാ കളക്ടറുടെ 03.06.2022 — ലെ എൽ 6 -110-2020നമ്പർ കത്ത് .

**ഉത്തരവ്**

ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയിൽ നിന്നും 1 0 ലക്ഷം രൂപയായി പരാമർ ശം ( 2 ) പ്രകാരം വർ ധിപ്പിക്കുകയുണ്ടായി . കാസർഗോഡ് ജില്ലയിൽ നിലവിൽ CMDRF അപേക്ഷകൾ കൂടുതലായി ലഭിക്കുന്ന സാഹചര്യത്തിൽ ജില്ലാ കളക്ടർക്ക് അനുവദിച്ചിരിക്കുന്ന 10ലക്ഷം രൂപ പരിധി ഉയർത്തണമെന്ന് പരാമർശം (3) പ്രകാരം കാസർഗോഡ് ജില്ല കളക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ച ജില്ലാ കലക്ടർമാർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി അഞ്ചു വർഷങ്ങൾക്ക് മുമ്പാണ് ഉയർത്തി നിശ്ചയിച്ചിരിക്കുന്നതെന്ന വസ്തുത കണക്കിലെടുത്തും അപേക്ഷകളിലുണ്ടാകുന്ന വർദ്ധനവ് പരിഗണിച്ചും , എല്ലാ ജില്ലാ കലക്ടർമാർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി 12,00,000/- ( പന്ത്രണ്ട് ലക്ഷം ) രൂപയായി നിശ്ചയിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ കളക്ടർമാർ തുക അനുവദിക്കുന്ന ഉത്തരവുകൾക്ക് മാത്രമായിരിക്കും ഈ പരിധി. സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് ഈ പരിധി ബാധകമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RARI RAJAN
SPECIAL SECRETARY

എല്ലാ ജില്ലാ കളക്ടർമാർക്കും

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ ( ഡി.ആർ.എഫ് - ബി, സി ) വകുപ്പ്.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 30-08-2022 15:32:25
സെക്ഷൻ ഓഫീസർ